(ഡി) മെച്ചപ്പെട്ട സേവനം നൽകുന്നതിന്റെ ഭാഗമായി മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് പ്രത്യേക സംവിധാനം ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ അറിയിക്കാമോ ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ) :

(എ) ഇല്ല. എന്നാൽ ഫണ്ടിന്റെ കുറവ് പരിഹരിക്കുന്നതിനുവേണ്ടി മുൻ വർഷത്തേക്കാൾ കൂടുതൽ തുക 2003-04 വർഷത്തിൽ ആശുപത്രികളുടെ വികസനത്തിനും രോഗികൾക്ക് മെച്ചപ്പെട്ട സേവനം ലഭ്യമാക്കുന്നതിനുമായി വകയിരുത്തിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

(ഡി) മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് തിരുവനന്തപുരത്ത് ഒരു ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറി പ്രവർത്തിക്കുന്നു. സർക്കാർ ആശുപത്രികൾ വഴി വിതരണം ചെയ്യുന്ന മരുന്നുകൾ ഇവിടെ പരിശോധിക്കുന്നുണ്ട്. ലബോറട്ടറിയുടെ പ്രവർത്തനം വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നു.

(ഇ) നിലവിലുള്ള സംവിധാനം കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

വികസനകാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് വിളിച്ചുകൂട്ടിയ അഖിലകക്ഷിയോഗം

25 (*428) ശ്രീ. കോടിയേരി ബാലകൃഷ്ണൻ :
ശ്രീ. പി. സി. ജോർജ് :
ശ്രീ. രാജു എബ്രഹാം :
ഡോ. തോമസ് ഐസക് : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ വികസന കാര്യങ്ങൾ ചർച്ച ചെയ്യുന്നതിന് സർക്കാർ വിളിച്ചുകൂട്ടിയ അഖിലകക്ഷിയോഗത്തിൽ എന്തെല്ലാം തീരുമാനങ്ങളാണ് എടുത്തതെന്ന് വ്യക്തമാക്കാമോ ;

(ബി) വികസന കാര്യങ്ങൾ സംബന്ധിച്ച് പ്രതിപക്ഷവുമായി എന്തെങ്കിലും ധാരണയുണ്ടായിട്ടുണ്ടോ ;

(സി) എങ്കിൽ എന്തെല്ലാം കാര്യങ്ങളിലാണ് ധാരണ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ഡി) സർക്കാർ സ്വീകരിച്ചുവരുന്ന വികസന നയം സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾ ഇല്ലാതാക്കുന്നതാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഈ നയത്തിൽ മാറ്റം വരുത്താൻ തയ്യാറാകുമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ-സി) സംസ്ഥാനത്തിന്റെ വികസന കാര്യങ്ങളിൽ ഒരു സമവായം ഉണ്ടാക്കാനുള്ള ശ്രമങ്ങളാണ് അഖിലകക്ഷി യോഗത്തിൽ നടത്തിയത്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

പോലീസ് സേനയിൽ വർദ്ധിച്ചുവരുന്ന അഴിമതിയും കൈക്കൂലിയും തടയാൻ നടപടി

26 (*429) ശ്രീ. പി. ജയരാജൻ :
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന പോലീസ് സേനയിൽ വർദ്ധിച്ചുവരുന്ന അഴിമതിയും കൈക്കൂലിയും തടയാൻ സർക്കാർ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പോലീസുദ്യോഗസ്ഥരുടെ അവിഹിത സ്വത്ത് സമ്പാദനത്തെക്കുറിച്ച് അന്വേഷിക്കാൻ നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ ;

(സി) നിലവിലുള്ള സംവിധാനം വർദ്ധിച്ചു വരുന്ന അഴിമതിയും കൈക്കൂലിയും തടയാൻ പര്യാപ്തമാണെന്ന് സർക്കാർ കരുതുന്നുണ്ടോ ;

(ഡി) പോലീസ് സേനയിൽ വ്യാപകമായ അഴിമതിയും കൈക്കൂലിയും നടക്കുന്നുണ്ടെങ്കിലും അവ കണ്ടുപിടിക്കുന്നതിനും ശിക്ഷിക്കുന്നതിനും കഴിയുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) പോലീസ് സേനയിലെ അഴിമതിയും കൈക്കൂലിയും തടയാൻ സർക്കാർ പുതുതായി എന്തെങ്കിലും പരിപാടി ആവിഷ്കരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ?

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി) :

(എ) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ പോലീസുദ്യോഗസ്ഥന്മാരുൾപ്പെടെയുള്ള എല്ലാവിഭാഗം സർക്കാർ ഉദ്യോഗസ്ഥന്മാരുടേയും അവിഹിത സ്വത്ത് സമ്പാദനത്തെ കുറിച്ച് വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോയ്ക്ക് അന്വേഷണം നടത്തുവാൻ അധികാരമുണ്ട്. കൂടാതെ വകുപ്പുതല അന്വേഷണങ്ങളും മറ്റ് നടപടികളും നടത്തി വരുന്നു.

(സി) പര്യാപ്തമാണ്.

(ഡി) പോലീസ് സേനയിൽ വ്യാപകമായ അഴിമതിയും കൈക്കൂലിയും നടക്കുന്നില്ല. എന്നാൽ ഇതുസംബന്ധിച്ച ഒറ്റപ്പെട്ട ആരോപണങ്ങൾ ശ്രദ്ധയിൽപ്പെടുമ്പോൾ ആയതിന്മേൽ വിജിലൻസ് അന്വേഷണങ്ങളും വകുപ്പുതല അന്വേഷണങ്ങളും നടത്തി കുറ്റക്കാർക്കെതിരെ നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) നിലവിലുള്ള സംവിധാനം പര്യാപ്തമാണ്.

LIBRARY ARCHIVES Kerala Legislative Assembly